പെരിങ്ങത്തൂർ വില്ലേജുകൾ വിഭജിക്കാൻ നടപടി

150 (3921) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി താലൂക്കിൽ പെരിങ്ങത്തൂർ വില്ലേജ് വിഭജിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പെരിങ്ങത്തൂർ വില്ലേജ് വിഭജനം എപ്പോൾ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പെരിങ്ങത്തൂർ വില്ലേജ് വിഭജനം സംബന്ധിച്ച നടപടി ഇപ്പോൾ നിലവിലില്ല.

പുതിയ വില്ലേജുകളും താലൂക്കുകളും

151 (3922) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്നാണ് ഏറ്റവും അവസാനമായി സംസ്ഥാനത്ത് പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) അന്നത്തെ ജനസംഖ്യ എത്രയായിരുന്നുവെന്നറിയിക്കുമോ ?

ഉത്തരം

(എ) 1995-ൽ.

(ബി) 1991-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 2,90,98,518 ആയിരുന്നു.

പുതിയ താലൂക്കുകൾ

152 (3923) ശ്രീ. ജോർജ്ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരുകളുടെ കാലത്തും നിലവിലുള്ള താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്മീഷൻ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കമ്മിഷൻ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly